പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 439 — 21.03.2018 ൽ മറുപടിക്ക്

## അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ<br>,, ജെയിംസ് മാത്യു<br>,, വി. ജോയി<br>,, എം. രാജഗോപാലൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; എയർപോർട്ടിന്റെ പ്രവർത്തനം എപ്പോൾ തുടങ്ങാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെയും, ഏപ്രണും (വിമാന പാർക്കിംഗ് ഏരിയ) 100% പൂർത്തിയായി. 07 RE Wall ഉം അനുബന്ധപ്രവർത്തികളായ ചുറ്റുമതിൽ, സ്റ്റാറ്റിക് വാട്ടർ ടാങ്ക്, ലോക്കലൈസർ ഹട്ട്, ലോക്കലൈസർ ആന്റിന, പെരിമീറ്റർ ലൈറ്റിംഗ്, ഇലക്ട്രിക്കൽ വർക്ക് മുതലായ പ്രവർത്തികളും 2018 ഫെബ്രുവരി മാസത്തോടുകൂടി പൂർത്തിയായി. പാരലൽ ടാക്സിവേ ട്രാക്ക് 98% പൂർത്തിയായിട്ടുണ്ട്.<br>പാസഞ്ചർ ടെർമിനൽ ബിൽഡിംഗും അനുബന്ധപ്രവർത്തികളും 95% പൂർത്തിയായി. പാസഞ്ചർ ടെർമിനൽ ബിൽഡിംഗ് പ്രവർത്തി (ടെസ്റ്റിംഗും കമ്മീഷനിംഗും ഉൾപ്പെടെ) 2018 ജനുവരി മാസത്തിൽ പൂർത്തിയായി. പാസഞ്ചർ ടെർമിനലിന്റെ അനുബന്ധപ്രവർത്തികളായ എയർ ട്രാഫിക് കൺട്രോൾ ടവർ, അകത്തും പുറത്തുമുള്ള ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സ്ഥാപിക്കൽ, എയർ കണ്ടീഷൻ പ്രവർത്തി, പ്ലംബിംഗ്, ഫയൽ അലാറം, അഗ്നിരക്ഷാ ഉപകരണങ്ങൾ, സി.സി.ടി.വി സ്ഥാപിക്കൽ, പബ്ലിക് അവെയർനസ് സിസ്റ്റം മുതലയാവയുടെ പ്രർത്തി പൂർത്തിയായി.<br>കാർഗോ കോംപ്ലക്സ്, സി.ഐ.എസ് എഫ് ബാരക്, അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് എന്നീ നിർമ്മാണ പ്രവർത്തികൾ ടെണ്ടർ നടപടിയിലാണ്. വാണിജ്യ സ്ഥാപനങ്ങൾ അനുവദിക്കൽ, ഹോട്ടൽ, കാറ്ററിംഗ് സർവ്വീസ്, ബസ്/കാർ/ടാക്സി പാർക്കിംഗ് സംവിധാനം, വൈഫൈ സംവിധാനം, ബാഗേജ് ട്രോളി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം 2018 സപ്തംബറിൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (ബി) വിമാനത്താവള പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായും റോഡ് കണക്ടിവിറ്റിക്കായും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനുള്ളിലുള്ള അടിസ്ഥാന സൗകര്യങ്ങൾ റൺവെ നിർമ്മാണത്തിനും ടെർമിനൽ ബിൽഡിംഗ് നിർമ്മാണത്തിനുമുള്ള ടെണ്ടർ ചെയ്ത പ്രവർത്തികളിലുൾപ്പെട്ടുന്നുണ്ട്. ഇതുകൂടാതെയുള്ള മറ്റുസൗകര്യങ്ങൾ ഏർപ്പെടുത്തുന്നിനുള്ള നടപടികൾ താഴെപറയും പ്രകാരം പുരോഗമിക്കുകയാണ്.<br>ടെണ്ടർ നടപടിയിലൂടെ ഏജൻസിയെ കണ്ടെത്തിയ പ്രവർത്തിയുടെ പേരും ഏജൻസിയുടെ പേരും താഴെ പറയും പ്രകാരമാണ്. |

| | | |
|---|---|---|
| 1 | ഫർണിച്ചർ വിതരണം | M.s Godrej and Boyce Mfg.Co.Ltd. Mumbai |
| 2 | പാസഞ്ചർ ബാഗേജ് ട്രോളി വിതരണം | M/s Anand Industries, Velappanchavadi, Chennai |
| 3 | ഫോറിൻ എക്സ്ചേഞ്ച് കൗണ്ടർ | M/s Centrum Direct Limited |
| 4 | സോഷ്യൽ മീഡിയ പ്രമോഷൻസ് | M/s Maitri Advertising |

ഇവ കൂടാതെ, വെബ്സൈറ്റും മൊബൈൽ ആപ്ലിക്കേഷനും വികസനം, ഫുഡ് & ബീവറേജ് ഔട്ട് ലെറ്റ്, ടെർമിനൽ ബിൽഡിംഗിന് പുറത്തുള്ള ഹൗസ് കീപ്പിംഗ്, ടെർമിനൽ ബിൽഡിംഗിന് അകത്തുള്ള ഹൗസ് കീപ്പിംഗ്, ടെർമിനൽ ബിൽഡിംഗിലെ ടോയിലറ്റ് ബ്ലോക്ക്, വിശ്രമ മുറി, കുട്ടികളെ പരിപാലിക്കുന്ന സ്ഥലം, കാവൽക്കാരുടെ മുറി എന്നിവയുടെ ഹൗസ് കീപ്പിംഗ്, എ.ടി.എം. കൗണ്ടർ, ലൈൻ മെയിന്റിനൻസ്, അഡ്വവർടൈസിംഗ് കൺസഷൻ, ഓപ്പറേഷണൽ റെഡിനെസ് ആക്ടിവേഷൻ & ട്രാൻസിഷൻ, ഐ.എസ്.ഒ, ഡ്യൂട്ടി ഫ്രീ, റീട്ടെയിൽ ഔട്ട് ലെറ്റ്സ്, ഇൻ ഫ്ലൈറ്റ് കാറ്ററിംഗ്, മെഡിക്കൽ എമർജൻസി സർവ്വീസസ്, ബാഗേജ് റാപ്പിംഗ്, പെയ്ഡ് പോർട്ടർ, മീറ്റ് & ഗ്രീറ്റ് സർവ്വീസസ്, ബാഗേജ് ട്രോളി റീടീവൽ, വയർലെസ് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സർവ്വീസസ് (വൈഫൈ) എന്നീ പ്രവർത്തികളുടെ ടെണ്ടർ നടപടി പുരോഗതിയിലാണ്.

താഴെപറയുന്ന റോഡുകൾ 6 വരിപ്പാതയായും, 4 വരിപ്പാതയായും, 2 വരിപ്പാതയായും വികസിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

| | | |
|---|---|---|
| 1 | കണ്ണൂർ | മട്ടന്നൂർ (6 വരി) |
| 2 | തലശ്ശേരി | മട്ടന്നൂർ (4 വരി) |
| 3 | പയ്യന്നൂർ | മട്ടന്നൂർ (4 വരി) |
| 4 | കർണാടക ബോർഡർ | മട്ടന്നൂർ (4 വരി) |

| | | |
|---|---|---|
| 5 | തലശ്ശേരി - അഞ്ചരക്കണ്ടി | മട്ടന്നൂർ (4 വരി) |
| 6 | വയനാട് | മട്ടന്നൂർ (4 വരി) |
| 7 | നാദാപുരം | തലശ്ശേരി (2 വരി) |
| 8 | മാഹി | മുഴപ്പിലങ്ങാട് (4 വരി) |

തുടർന്ന് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള അനുബന്ധ റോഡുകളായി വികസിപ്പിക്കുന്ന 6 റോഡുകൾ കണ്ടെത്തുകയും അവ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തലശ്ശേരി-കൊടുവള്ളി - മമ്പറം - അഞ്ചരക്കണ്ടി - മട്ടന്നൂർ എയർപോർട്ട് റോഡ് (24.50 കി.മീ)
2. കുറ്റ്യാടി - നാദാപുരം - പെരിങ്ങത്തൂർ - മേക്കുന്ന് - പാനൂർ - പൂക്കോട്ട് - കൂത്തുപറമ്പ് - മട്ടന്നൂർ റോഡ് (53.15 കി.മീ)
3. മാനന്തവാടി - ബോയ്സ് ടൗൺ - പേരാവൂർ - ശിവപുരം - മട്ടന്നൂർ റോഡ് (63.50 കി.മീ)
4. കൂട്ടുപുഴപാലം - ഇരിട്ടി - മട്ടന്നൂർ - വായന്തോട് റോഡ് (32.00 കി.മീ)
5. മേലെ ചൊവ്വ - ചാലോട് - വായാന്തോട് - മട്ടന്നൂർ - എയർപോർട്ട് റോഡ് (26.30 കി.മീ)
6. തളിപ്പറമ്പ - ചെറക്കള - നണിശ്ശേരിക്കടവ് പാലം - മയ്യിൽ - ചാലോട് റോഡ് (27.20 കി.മീ)

(സി) കോഴിക്കോട്, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ വികസനത്തിനായി സ്ഥലം ഏറ്റെടുപ്പ് പ്രവർത്തനങ്ങൾക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ട്; പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(സി) നിലവിൽ കോഴിക്കോട് വിമാനത്താവള വികസനത്തിനായി ഫണ്ടുകൾ ഒന്നും വകയിരുത്തിയിട്ടില്ല. കൂടാതെ പുനരധിവാസ പാക്കേജും പ്രഖ്യാപിച്ചിട്ടില്ല.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ചാർജ്ഡ്, വോട്ടഡ് ഇനങ്ങളിലായി 1000/- രൂപ വീതം ടോക്കൺ ആയി വകയിരുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല.

S.R...

സെക്ഷൻ ഓഫീസർ.